REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-10-2023 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാജ്യത്തെ ബഹിരാകാശ മേഖലയിൽ കടന്നു കയറാൻ ശ്രമിക്കുന്ന അയൽ രാജ്യങ്ങളിലെ ഹാക്കർമാർ വളരെ വലിയ ഭീഷണിയാണ് ഉയർത്തുന്നതെന്ന് ISRO ചെയർമാൻ S.സോമനാഥ്.
- വന്യ ജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം വൈകിട്ട് മന്ത്രി A.K. ശശീന്ദ്രൻ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും.
- കേരളത്തിൽ പട്ടിക ജാതി - പട്ടിക വർഗ്ഗ പീഡനത്തിൽ ഒരു കുറവും ഉണ്ടാകുന്നില്ലെന്ന് കേന്ദ്ര സഹമന്ത്രി V.മുരളീധരൻ.
- ഹാങ്ങ്ജോ ഏഷ്യൻ ഗെയിംസിന് ഇന്ന് കൊടിയിറങ്ങും.
- ICC ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ - ഓസ്ട്രേലിയ മത്സരം ഇന്ന്.

## വാർത്തകൾ വിശദമായി

**രാജ്യത്തെ ബഹിരാകാശ മേഖലയിൽ കടന്നു കയറാൻ ശ്രമിക്കുന്ന അയൽ രാജ്യങ്ങളിലെ ഹാക്കർമാർ വളരെ വലിയ ഭീഷണിയാണ് ഉയർത്തുന്നതെന്ന് ISRO ചെയർമാൻ S.സോമനാഥ് പറഞ്ഞു. ഭീഷണി സാധ്യതകളും, പോരായ്മകളും, ഡിസൈൻ തലത്തിൽ തന്നെ മുന്നിൽകണ്ട്**

നേരിടാൻ ഇസ്രോ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. കൊച്ചിയിൽ ഹാക്കിംഗ് ആൻഡ് സൈബർ ബ്രീഫിങ് കോൺഫറൻസായ കൊക്കൂൺ-16 സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് സൈബർ സെക്യൂരിറ്റി രംഗത്ത് നൈപുണ്യം നേടിയവരെ വാർത്തെടുക്കാൻ കൊക്കൂൺ സമ്മേളനം വലിയ പങ്ക് വഹിച്ചതായി ചടങ്ങിൽ അധ്യക്ഷനായിരുന്ന മന്ത്രി P. രാജീവ് പറഞ്ഞു.

✪✪✪

ഗഗൻയാൻ ദൗത്യത്തിനായി ഫ്ലൈറ്റ് ടെസ്റ്റ് വെഹിക്കിൾ അബോർട്ട് മിഷന് തയ്യാറെടുക്കുകയാണെന്ന് ISRO അറിയിച്ചു. ആളില്ലാ ബഹിരാകാശ വാഹന പരീക്ഷണങ്ങളും ഉടൻ ആരംഭിക്കുമെന്നും ISRO സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

ഡെസ്ക് റിപ്പോർട്ട്.........

...........വോയ്സ്..........

ഗഗൻയാൻ ദൗത്യത്തിന്റെ ഭാഗമായി പേടകത്തിൽ നിന്ന് യാത്രികരെ രക്ഷിക്കുന്ന സംവിധാനമായ ക്രൂ എസ്കേപ്പ് സിസ്റ്റം ISRO വൈകാതെ പരിശോധിക്കും. ഇത് വിജയിച്ചാൽ അടുത്ത വർഷത്തോടെ ബഹിരാകാശത്തേക്ക് ആളില്ലാ ദൗത്യങ്ങൾ സാധ്യമാകും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലാണ് പരീക്ഷണം.

ബഹിരാകാശത്തേക്ക് യാത്രികരെ അയച്ച് തിരികെ ഭൂമിയിൽ എത്തിക്കുന്നതും ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന

പേടകത്തിൽ നിന്ന് അവരെ വീണ്ടെടുക്കുന്നതും സംബന്ധിച്ച പരീക്ഷണങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. മൊഡ്യൂൾ വീണ്ടെടുക്കാൻ നാവികസേനാ ഉദ്യോഗസ്ഥർ മോക്ക് ഓപ്പറേഷൻ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

✪✪✪

വന്യ ജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം വൈകിട്ട് മന്ത്രി A.K. ശശീന്ദ്രൻ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും. കേരളത്തിലെ ആദ്യ ടൈഗർ സഫാരി പാർക്കിന്റെയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികളുടെയും പ്രഖ്യാപനവും അദ്ദേഹം ചടങ്ങിൽ നടത്തും.

മന്ത്രി അഹമ്മദ് ദേവർകോവിലിന്റെ അധ്യക്ഷതയിൽ ചേരുന്ന പരിപാടിയിൽ വന്യജീവി വാരാഘോഷ സംസ്ഥാനതല മത്സര ജേതാക്കൾക്ക് മന്ത്രി P.A മുഹമ്മദ് റിയാസ് സമ്മാനങ്ങൾ വിതരണം ചെയ്യും. മികച്ച സ്നേക്ക് റസ്ക്യൂവർ ഉപഹാരം കോഴിക്കോട് മേയർ ഡോ. ബീനാ ഫിലിപ്പ് സമ്മാനിക്കും. M.K രാഘവൻ M.P മുഖ്യാതിഥിയായിരിക്കും.

✪✪✪

വികസന പദ്ധതികൾക്ക് കൃത്യമായ സമയക്രമം നൽകിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് കോർപറേഷൻ നല്ലളം ഡിവിഷനിലെ തരിപ്പണം പാലം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ബേപ്പൂർ നിയോജക മണ്ഡലത്തിലെ നവകേരള സദസ്സ് നംവംബർ 26ന് നടത്തുമെന്ന്

മന്ത്രി അറിയിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

സാധാരണക്കാരന്റെ വിഷമങ്ങൾ അടുത്തറിയാനും പരിഹാരിക്കാനും നവകേരള സദസ്സ് വേദിയാകുമെന്ന് മന്ത്രി അഹമ്മദ് ദേവൽ കോവിൽ കാസർകോട്ട് പറഞ്ഞു.

കാഞ്ഞങ്ങാട് മണ്ഡലം നവകേരള സദസ്സ് സംഘാടക സമിതി രൂപീകരണയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

നിസ്വാർത്ഥതയുടെയും സ്നേഹത്തിന്റെയും മാതൃകയാണ് RSS മുന്നോട്ടുവെയ്ക്കുന്നതന്ന് സർസംഘ് ചാലക് ഡോ. മോഹൻ ഭാഗവത് പറഞ്ഞു. കേസരി വാരികയുടെ അമൃത ശതം 2023 പ്രഭാഷണ പരമ്പരയിൽ കോഴിക്കോട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിന്റെയും രാജ്യത്തിന്റെയും അതുവഴി ലോകത്തിന്റെയും സമൃദ്ധിയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കുകയാണ് സംഘത്തിന്റെ അടിസ്ഥാന രീതിയെന്നും ഭാഗവത് വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ നാളെയും മറ്റന്നാളും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. നാളെ മലപ്പുറം, കോഴിക്കോട്,

വയനാട്, കണ്ണൂർ ജില്ലകളിലും മറ്റന്നാൾ എറണാകുളം, ഇടുക്കി ജില്ലകളിലും കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

പലകാര്യങ്ങളിലും ഉന്നത നിലവാരം അവകാശപ്പെടുന്നുണ്ടെങ്കിലും കേരളത്തിൽ പട്ടിക ജാതി - പട്ടിക വർഗ്ഗ പീഡനത്തിൽ ഒരു കുറവും ഉണ്ടാകുന്നില്ലെന്ന് കേന്ദ്ര സഹമന്ത്രി V.മുരളീധരൻ വിലയിരുത്തി. ചേർത്തലയിൽ കേരള പുലയ മഹാസഭ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായ പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അനുവദിക്കുന്ന പദ്ധതികൾ നടപ്പാക്കാതെയും ഫണ്ടുകൾ വകമാറ്റിയും ക്രമക്കേടുകൾ നടത്തിയും ദളിത് സമൂഹത്തെ സംസ്ഥാന ഗവൺമെന്റ് വെല്ലുവിളിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ദളിതരുടെ ക്ഷേമത്തിനായി ആവിഷ്കരിക്കുന്ന കേന്ദ്ര പദ്ധതികൾ തുടർച്ചയായി സംസ്ഥാനം അട്ടിമറിക്കുകയാണെന്നും മരുളീധരൻ കുറ്റപ്പെടുത്തി.

ഇന്ന് KPMS പ്രതിനിധി സമ്മേളനം കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

✪✪✪

സഹകരണ ബാങ്കുകളിലെ തട്ടിപ്പിനിരയായവർക്ക് നഷ്ടമായ പണം നൽകാൻ കേരള ബാങ്കിന് ഉത്തരവാദിത്തമുണ്ടെന്ന് BJP സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ പറഞ്ഞു.

കൊട്ടാരക്കര താമരക്കുടിയിൽ ബാങ്ക് നിക്ഷേപ തട്ടിപ്പുകളിൽ ഇരകളായ സഹകാരികളുടെ പരാതികൾ നേരിട്ട് സ്വീകരിക്കുന്ന സഹകരണ സംരക്ഷണ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്ര ഗവൺമെന്റ് KYC, കോർ ബാങ്കിങ് എന്നിവ സഹകരണ ബാങ്കുകളിൽ നടപ്പാക്കാൻ ശ്രമിച്ചപ്പോൾ LDF, UDF നേതാക്കൾ സമരം ചെയ്ത് അതിനെ പ്രതിരോധിച്ചത് സഹകരണ ബാങ്കുകളിൽ അവർക്ക് കള്ളപ്പണം നിക്ഷേപിക്കാനായിരുന്നവെന്നും സുരേന്ദ്രൻ ആരോപിച്ചു.

സഹകരണ മേഖലയിലെ ആദ്യകാല തട്ടിപ്പായ താമരക്കുടി സഹകരണ ബാങ്ക് തിരിമറി കൃത്യമായി അന്വേഷിച്ച് നടപടി എടുത്തിരുന്നെങ്കിൽ സഹകരണമേഖല ഈ രീതിയിൽ തകരുകയില്ലായിരുന്നുവെന്നും സുരേന്ദ്രൻ പറഞ്ഞു. തട്ടിപ്പിനിരയായ നൂറ് കണക്കിന് പേർ അദാലത്തിൽ പങ്കെടുത്ത് പരാതി കൈമാറി.

✪✪✪

ഹാങ്ജോ ഏഷ്യൻ ഗെയിംസിന് ഇന്ന് കൊടിയിറങ്ങും. ഇന്നലെ ആറ് സ്വർണവും നാല് വെള്ളിയും രണ്ട് വെങ്കലവും സ്വന്തമാക്കിയ ഇന്ത്യൻ ടീം ഗെയിംസിന്റെ 14-ാം ദിവസത്തെ അവിസ്മരണീയമാക്കി. 28 സ്വർണവും 38 വെള്ളിയും 41 വെങ്കലവും ഉൾപ്പെടെ 107 മെഡലുകൾ നേടിയ ഇന്ത്യ മെഡൽ പട്ടികയിൽ നാലാം സ്ഥാനത്താണ്. ഏഷ്യാഡ് ചരിത്രത്തിൽ ഇന്ത്യ നേടുന്ന ഏറ്റവും മികച്ച മെഡൽ നേട്ടമാണ് ഹാങ്ജോവിലേത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.......

......വോയ്സ്..........

രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും മെഡൽ നേട്ടത്തിൽ ഇന്ത്യൻ കായിക താരങ്ങളെ അഭിനന്ദിച്ചു. നൈപുണ്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും മികച്ച പ്രകടനമാണ് ഇന്ത്യൻ ടീം കാഴ്ച വെച്ചതെന്ന് രാഷ്ട്രപതി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

ഇന്ത്യൻ ടീമിന്റെ ലക്ഷ്യബോധവും ഒറ്റക്കെട്ടായ പ്രവർത്തനവുമാണ് മികച്ച വിജയം കൊണ്ടുവന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിലയിരുത്തി. ടീമിനങ്ങളിൽ മെഡൽ നേട്ടം കൈവരിച്ചവരെ അദ്ദേഹം പ്രത്യേകിച്ച് അഭിനന്ദിച്ചു.

ഏഷ്യൻ ഗെയിംസിൽ 200 സ്വർണവും 111 വെള്ളിയും 71 വെങ്കലവും ഉൾപ്പെടെ 382 മെഡലുകളുമായി ചൈനയാണ് ഒന്നാം സ്ഥാനത്ത്. രണ്ടാം സ്ഥാനക്കാരായ ജപ്പാന് 51 സ്വർണവും 66 വെള്ളിയും 69 വെങ്കലവും അടക്കം 186 മെഡൽ ലഭിച്ചു.

മൂന്നാം സ്ഥാനത്ത് തെക്കൻ കൊറിയയാണ്. 42 സ്വർണവും 59 വെള്ളിയും 89 വെങ്കലവും ഉൾപ്പെടെ 190 മെഡലുകളാണ് അവർ നേടിയത്.

✪✪✪

ICC ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ - ഓസ്ട്രേലിയ മത്സരം ഇന്ന്. ചെന്നൈ M.A ചിദംബരം സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് രണ്ടിനാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ തുടർച്ചയായ മൂന്നാം വിജയം മുന്നിൽ കണ്ട് കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് മുംബൈ സിറ്റി FC യെ നേരിടും. രാത്രി എട്ടിന് മുംബൈയിലാണ് മത്സരം.

ഇന്നലത്തെ മത്സരത്തിൽ  മോഹൻ ബഗാനും ഗോവ FCയും വിജയിച്ചു. ചെന്നൈയിൽ, ചെന്നൈയിൻ FC-യെയാണ് മോഹൻ ബഗാൻ തോൽപ്പിച്ചത്. ഗോവയിൽ ഒഡീഷയെയാണ് ഗോവ FC തോൽപ്പിച്ചത്.

✪✪✪

കോട്ടയം താഴത്തങ്ങാടി ചാമ്പ്യൻസ് ബോട്ട് ലീഗിൽ കൈനകരി UBC തുഴഞ്ഞ നടുഭാഗം ചുണ്ടൻ ജേതാവായി. പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴഞ്ഞ വീയപുരം ചുണ്ടൻ രണ്ടാമതും, പൊലീസ് ബോട്ട് ക്ലബ് തുഴഞ്ഞ മഹാദേവികാട് കാട്ടിൽതെക്കേതിൽ മൂന്നാമതുമെത്തി.

ചെറുവള്ളങ്ങളുടെ മത്സരത്തിൽ വെപ്പ് A ഗ്രേഡ് വിഭാഗത്തിൽ കോട്ടപ്പറമ്പനാണ് ഒന്നാം സ്ഥാനം. വെപ്പ് B ഗ്രേഡ് വിഭാഗത്തിൽ P.G കരിപ്പുഴ ഒന്നാമതെത്തി. ഇരുട്ടുകുത്തി A ഗ്രേഡ് വിഭാഗത്തിൽ മാമ്മൂടൻ ഒന്നാംസ്ഥാനം നേടി.

ഇരുട്ടുകുത്തി B ഗ്രേഡിൽ സെന്റ് സെബാസ്റ്റ്യനാണ് ഒന്നാം സ്ഥാനം. ചുരുളൻ വള്ളങ്ങളിൽ വേളങ്ങാടനാണ് ജേതാക്കൾ.

നേരത്തെ മത്സരങ്ങൾ  മന്ത്രി V.N വാസവൻ ഉദ്ഘാടനം ചെയ്തു.

✪✪✪

ദേശീയപാത 744-ൽ കൊല്ലം ചിന്നക്കട മുതൽ ഇടമൺ വരെ 52 കിലോമീറ്റർ ഭാഗം വീതി കൂട്ടി നവീകരിക്കാൻ കേന്ദ്ര ഗതാഗത മന്ത്രാലയം 447 കോടി രൂപയുടെ അനുമതി നൽകിയതായി N.K പ്രേമചന്ദ്രൻ M.P അറിയിച്ചു.  ദേശീയപാത അതോറിറ്റിയുടെ 2023-24 വാർഷിക പദ്ധതിയിലാണ് തുക അനുവദിച്ചത്.

✪✪✪

അന്താരാഷ്ട്ര ബാലിക ദിനമായ  ഒക്ടോബർ 11ന് കാസർകോട്ട് കലാജാഥ സംഘടിപ്പിക്കും.  വനിതാ ശിശു വികസന ഓഫീസിന്റെയും വനിതാ ശാക്തീകരണ ഹബിന്റെയും നേതൃത്വത്തിലാണ് കലാജാഥ. ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതിയുടെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാനാണ് കലാജാഥ സംഘടപ്പിക്കുന്നത്.

✪✪✪

കോഴിക്കോട് കല്ലൂത്താംകടവ് കോളനി നിവാസികൾക്കായി നഗരസഭ നിർമ്മിച്ച് നൽകിയ ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ദൃശ്യ മാദ്ധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തത്.

നഗരസഭാ സെക്രട്ടറി 15 ദിവസത്തിനകം വിശദീകരണം നൽകണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ K. ബൈജൂ നാഥ് ആവശ്യപ്പെട്ടു.

✪✪✪

നാളെ ആരംഭിക്കുന്ന മിഷൻ ഇന്ദ്രധനുഷ് 5.0 പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ ഒരുക്കങ്ങൾ കോഴിക്കോട് ജില്ലയിൽ പൂർത്തിയായതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ശനിയാഴ്ച വരെ നടത്തുന്ന പരിപാടിയിൽ ആരോഗ്യ സ്ഥാപനങ്ങൾ, സബ് സെന്ററുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിലായി 1100 സെഷനുകളിലായിട്ടാണ് കുത്തിവെപ്പ് നൽകുന്നത്.

✪✪✪

പാലക്കാട് മാധ്യമപ്രവർത്തകൻ വാഹനാപകടത്തിൽ മരിച്ചു. പാലക്കാട് അയ്യപുരം ശാസ്താപുരി മഴവില്ല് വീട്ടിൽ ജി. പ്രഭാകരൻ ആണ് മരിച്ചത്. 70 വയസ്സായിരുന്നു. ദ ഹിന്ദു പത്രത്തിൽ നിന്നും വിരമിച്ച ശേഷം ടൈംസ് ഓഫ് ഇന്ത്യയിൽ ജോലിചെയ്ത് വരികയായിരുന്നു അദ്ദേഹം.

✪✪✪

ആയുർവേദ - ഹോമിയോ ഡിസ്പെൻസറികൾ ദേശീയ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ ആദ്യഘട്ട NABH അന്തിമ പരിശോധനയ്ക്ക് നാളെ തുടക്കമാകും. സ്ത്രീകളുടെയും നവജാത ശിശുക്കളുടെയും പരിചരണം, കൗമാര ആരോഗ്യ സംരക്ഷണം, വയോജന ആരോഗ്യ പരിപാലനം എന്നിവയ്ക്ക് പ്രാധാന്യം നൽകും.